# Official Spokesperson's response to media queries on China’s Land Boundary Law

October 27, 2021

---

## ചൈനീസ് അതിർത്തി നിയമങ്ങൾ സംബന്ധിച്ചുള്ള മാധ്യമ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ഒക്ടോബർ 27, 2021

**ചൈനീസ് ബൌണ്ടറി നിയമങ്ങൾ സംബന്ധിച്ചുള്ള മാധ്യമ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു**

"2021 ഒക്ടോബർ 23-ന് ചൈന ഒരു പുതിയ "ഭൂ അതിർത്തി നിയമം" പാസാക്കിയതായി ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . കര അതിർത്തി കാര്യങ്ങളിൽ വിദേശ രാജ്യങ്ങളുമായി അവസാനിപ്പിച്ചതോ സംയുക്തമായി അംഗീകരിച്ചതോ ആയ ഉടമ്പടികൾ ചൈന പാലിക്കുന്നതായി നിയമം പ്രസ്താവിക്കുന്നു. അതിർത്തി പ്രദേശങ്ങളിലെ ജില്ലകളുടെ പുനഃസംഘടന നടത്താനുള്ള വ്യവസ്ഥകളും ഇതിലുണ്ട്.ഇന്ത്യയും ചൈനയും ഇപ്പോഴും അതിർത്തി പ്രശ്നം പരിഹരിച്ചിട്ടില്ലെന്നത് ശ്രദ്ധിക്കേണ്ടതാണ്.തുല്യനിലയിലുള്ള കൂടിയാലോചനകളിലൂടെ അതിർത്തി പ്രശ്നത്തിന് ന്യായവും പരസ്പര സ്വീകാര്യവുമായ പരിഹാരം തേടാൻ ഇരുപക്ഷവും സമ്മതിച്ചിട്ടുണ്ട്. ഇന്ത്യ-ചൈന അതിർത്തി പ്രദേശങ്ങളിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ സമാധാനവും ശാന്തിയും നിലനിർത്തുന്നതിനുള്ള നിരവധി ഉഭയകക്ഷി കരാറുകളും പ്രോട്ടോക്കോളുകളും ക്രമീകരണങ്ങളും തീരുമാനത്തിലെത്തിയിരിക്കുന്നു..

ഇക്കാര്യത്തിൽ, അതിർത്തി പരിപാലനത്തിലും അതിർത്തി പ്രശ്നത്തിലും നമ്മുടെ നിലവിലുള്ള ഉഭയകക്ഷി ക്രമീകരണങ്ങളിൽ സ്വാധീനം ചെലുത്തുന്ന ഒരു നിയമനിർമ്മാണം കൊണ്ടുവരാനുള്ള ചൈനയുടെ ഏകപക്ഷീയമായ തീരുമാനം ഞങ്ങളെ ആശങ്കപ്പെടുത്തുന്നു. അതിർത്തി പ്രശ്നത്തിലായാലും ഇന്ത്യ-ചൈന അതിർത്തി പ്രദേശങ്ങളിലെ യഥാർത്ഥ നിയന്ത്രണ രേഖയിലെ ശാന്തിയും സമാധാനവും നിലനിർത്തുന്നതിന് വേണ്ടിയുള്ള ശ്രങ്ങളിലായാലും ഇരുപക്ഷവും നേരത്തെ എത്തിയിട്ടുള്ള ക്രമീകരണങ്ങളിൽ ഇത്തരം ഏകപക്ഷീയമായ നീക്കത്തിന് യാതൊരു സ്വാധീനവുമുണ്ടാകില്ല.ഇന്ത്യ-ചൈന അതിർത്തി പ്രദേശങ്ങളിലെ സ്ഥിതിഗതികൾ ഏകപക്ഷീയമായി മാറ്റാൻ കഴിയുന്ന ഈ നിയമത്തിനുസൃതമായി നടപടിയെടുക്കുന്നത് ചൈനഒഴിവാക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

കൂടാതെ, ഈ പുതിയ നിയമം പാസാക്കിയത് ഞങ്ങളുടെ വീക്ഷണത്തിൽ, ഇന്ത്യ സ്ഥിരമായി പാലിച്ചു വരുന്ന ചൈന പാകിസ്ഥാൻ "അതിർത്തി ഉടമ്പടി" എന്ന് വിളിക്കപ്പെടുന്ന 1963-ലെ നിയമത്തിന് വിരുദ്ധവും സാധുതയില്ലാത്തതുമാണ്.

**ന്യൂ ഡൽഹി**
**ഒക്ടോബർ 27, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.